**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5303** **21-03-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യുടെ ഡ്രൈവിംഗ് സ്കൂളുകളും ഡ്രൈവിംഗ് ടെസ്റ്റ് ഗ്രൗണ്ടുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. യുടെ വിവിധ ഡിപ്പോകളും റീജിയണൽ വർക് ഷോപ്പുകളുമായും ബന്ധപ്പെട്ട് ഡ്രൈവിംഗ് സ്കൂളുകളും ഡ്രൈവിംഗ് ടെസ്റ്റ് ഗ്രൗണ്ടുകളും ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (എ) | കെ.എസ്.ആർ.ടി.സി.യുടെ വിവിധ ഡിപ്പോകളിലും റീജിയണൽ വർക്ക്ഷോപ്പുകളിലും ടെസ്റ്റ് ഗ്രൗണ്ടിനായുള്ള സ്ഥലലഭ്യതയും ക്ലാസ് റൂമിനായുള്ള കെട്ടിടവും ഉള്ള യൂണിറ്റുകളിലാണ് ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്.<br><br>ആദ്യഘട്ടത്തിലെ 12 ഡ്രൈവിംഗ് സ്കൂളുകളിൽ 10 എണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. (സ്റ്റാഫ് ട്രെയിനിംഗ് സെന്റർ തിരുവനന്തപുരം, കാട്ടാക്കട, വിതുര, ആറ്റിങ്ങൽ, ചാത്തന്നൂർ, ചടയമംഗലം, ചാലക്കുടി, ചിറ്റൂർ, റീജിയണൽ വർക്ക്ഷോപ്പ് എടപ്പാൾ, മാനന്തവാടി) 2 എണ്ണം ഒരു മാസത്തിനുള്ളിൽ ആരംഭിക്കുന്നതാണ് (റീജിയണൽ വർക്ക്ഷോപ്പ് മാവേലിക്കര, നെടുമങ്ങാട്).<br><br>രണ്ടാം ഘട്ടത്തിൽ 8 സ്ഥലങ്ങളിൽ തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. രണ്ടാംഘട്ടത്തിൽ ഉൾപ്പെട്ട പൂവാർ, നിലമ്പൂർ, പൊന്നാനി എന്നീ യൂണിറ്റുകളിലെ ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ